(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ഇടങ്ങിയശേഷവും 10 അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് രണ്ട് തസ്തികയിൽ താൽക്കാലികമായി ഇടരുന്നുണ്ട്. കെ.പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ നിർബന്ധിത പരിശീലനം വിജയകരമായി പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ ഇടരുന്നവരെ ഒഴിവാക്കാവുന്നതാണ്.

പ്രവാസികൾക്ക് വോട്ടവകാശം

54 (4388) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ ;

(ബി) ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികൾക്കുകൂടി വോട്ടവകാശം നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവാസി കേരളീയർക്ക് തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകുന്നതിലേക്കായി 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 21 (എ) വകുപ്പിലെ വ്യവസ്ഥകൾ ആധാരമാക്കി കേരളാ പഞ്ചായത്ത് രാജ് കേരളാ മുനിസിപ്പൽ നിയമങ്ങളിലെ സമാനമായ വകുപ്പുകൾക്ക് ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത നിയമഭേദഗതിക്കനുസൃതമായി കേരളാ പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തുകളിലെ വോട്ടർ പട്ടികയിൽ പ്രവാസികളുടെ പേര് ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളാ മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(ബി) മറ്റ് സംസ്ഥാനങ്ങളിലുള്ള മലയാളികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) നടപടി അന്തിമ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly